പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1728 18.06.2012 ലെ മറുപടിക്ക്

## അന്യസംസ്ഥാനത്തുനിന്നും വരുന്ന കോഴിയിറച്ചിക്ക് താങ്ങുവില

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | അന്യസംസ്ഥാനത്തു നിന്നും വരുന്ന കോഴികൾക്ക് കിലോ ഗ്രാമിന് 70 രൂപ എന്ന സ്ഥിര മായ നിരക്ക് വാണിജ്യ നികുതി കമ്മീഷണർ ഉത്ത രവ് നൽകിയിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | ഉണ്ട്. മുൻകൂർ നികുതി അടയ്ക്കേണ്ട ആവശ്യത്തിലേക്കായി അന്യസംസ്ഥാനത്തു നിന്നും കൊണ്ടു വരുന്ന കോഴികൾക്ക് 70/- രൂപ തറവില നിശ്ചയിച്ച് വാണിജ്യ നികുതി കമ്മീഷണർ ഉത്തരവ് പുറപ്പെടു വിച്ചിട്ടുണ്ട്. |
| (ബി) | കേരളത്തിനകത്ത് ഉല്പാദിപ്പി ക്കുന്ന കോഴികൾക്കും 70 രൂപ എന്ന രീതിയിൽ വില നിശ്ചയിക്കുന്നത് വില വർദ്ധ നവിന് ഇടവരും എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൂടാതെ വില നിർണ്ണ യിക്കുന്നത് മാർക്കറ്റ് വില അടിസ്ഥാനമാ ക്കിയാണ്. ഏറ്റക്കുറച്ചിലുകൾക്കനു സരിച്ച് തറവിലയിൽ മാറ്റം വരുത്താറുണ്ട്. |
| (സി) | കേരളത്തിന് പുറത്തു നിന്നും വരുന്ന കോഴിക ൾക്കു മാത്രം താങ്ങുവിലയും നികുതിയും നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | കോഴിക്ക് താങ്ങുവില നിശ്ചയിച്ച് നൽകു ന്നത് വാണിജ്യ നികുതി വകുപ്പിന്റെ പരിധി യിൽപ്പെട്ടതല്ല. എന്നാൽ സംസ്ഥാനത്തിന കത്തേക്ക് കൊണ്ടുവരുന്ന കോഴിക്ക് മുൻ കൂർ നികുതി ഈടാക്കുന്നതിന് വേണ്ടിയാ ണ് തറവില നിശ്ചയിച്ച് നൽകിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | കേരളത്തിലെ കോഴി കർഷകർക്ക് 13.5% എന്ന നികുതി നിർദ്ദേശം പുന പരിശോധിക്കുവാൻ സർക്കാർ തയ്യാറാകുമോ? | (ഡി) | കോഴിയുടെ നികുതി ഘടനയിൽ മാറ്റം വരുത്തേണ്ടതുണ്ടോയെന്ന് പരിശോധിക്കുവാൻ നികുതി സെക്രട്ടറി കൺവീനറും, പ്രിൻസിപ്പൽ സെക്രട്ടറി(ഫിനാൻസ്), വാണിജ്യ നികുതി കമ്മീഷണർ എന്നിവർ അംഗങ്ങളുമായ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ഇക്കാര്യവും പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ